


# Week 4: January.

**“ അതിൽ ഉപ്പ് ഇട്ടു ഞാൻ ഈ വെള്ളം പഥ്യമാക്കി യിരിക്കുന്നു...... എന്ന് യഹോവ അരുളിച്ചെയ്യുന്നു. എന്ന് പറഞ്ഞു”(2 രാജ: 2:21)**



പരിഷ്കൃത കേരളത്തിന്റെ ഈറ്റില്ലം എന്ന് വിശേഷിപ്പിക്കുന്ന എറണാകുളം, കൊച്ചി നഗരങ്ങൾ അന്തരീക്ഷം മലിമസമായതോടൊപ്പം മനുഷ്യജീവിതവും എല്ലാ അർത്ഥത്തിലും തകർന്ന അവസ്ഥയിലാണ്.പട്ടണത്തിന്റെ ഇരിപ്പ് ഭംഗിയുള്ളതെങ്കിലും വെള്ളം ചീത്തയും, ദേശം ഫലമില്ലാത്ത അവസ്ഥയിലുമാണ്. കൂടാതെ വന്ധ്യത മണ്ണിനെ ബാധിച്ചു എന്നു മാത്രമല്ല അന്തരീക്ഷവായുവും മലിനമാകുന്നു എന്ന് എലീശയെ ദേശവാസികൾ അറിയിക്കുന്നു. എത്ര ഭംഗിയുള്ള വസ്തുവിനെയും അഭംഗിയുള്ളതാക്കുന്നതാണ് ചുറ്റുമുള്ള മലിനതകൾ, വിവരം മനസ്സിലാക്കിയ എലീശ നീരുറവയിൽ ഉപ്പിട്ടു ജലം പഥ്യമായി (ശുദ്ധമായി) മാറി. അതോടൊപ്പം ഫലമില്ലാത്തത് ഫലമുള്ളതായിത്തീർന്നു.

ഇന്ന് പല കുടുംബങ്ങളും ആർഭാട ജീവിതം നയിക്കുന്നു. പുറമേ നോക്കിയാൽ എല്ലാം ഭദ്രം, പക്ഷേ ഉള്ളിൽ സമാധാനമില്ല. ചിലർ കഷ്ടപ്പെട്ട് ജോലി ചെയ്യും പക്ഷേ അനുഭവിപ്പാൻ കഴിയുന്നില്ല. തലമുറ അനുഗ്രഹിക്കപ്പെടുന്നില്ല.ആശുപത്രിയിൽ അഥവാ ഭവനത്തിൽ രോഗിയായി ശത്രു തളച്ചിടുന്നു. എന്നും പ്രതികൂലങ്ങൾ. ദയവായി പഥ്യമല്ലാത്തവ ജീവിതത്തിൽ എവിടെ സംഭവിച്ചു എന്ന് കെ ത്തുക. അതിനെ പഥ്യമാക്കാൻ പ്രാർത്ഥനയോടെ പ്രവർത്തിക്കുക. ഉപ്പ് (പരിശുദ്ധാത്മാവ്) ജീവിതത്തിൽ കാര്യസ്ഥനായി വരുമ്പോൾ നിന്റെ ശാപം മാറും.വചനത്തി

ലാശ്രയിക്കുക. പ്രാർത്ഥനയിൽ ഉറ്റിരിക്കുക. പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ സകല സത്യത്തിലും നമ്മെ വഴിനടത്തുമ്പോൾ എല്ലാ പ്രതികൂലങ്ങളും നീങ്ങി ക്രിസ്തു നമ്മെ പുതിയ ശക്തിയാൽ നിറയ്ക്കും.

## പ്രാർത്ഥന

ഞങ്ങളുടെ സൃഷ്ടാവാം ദൈവമേ ! അങ്ങ് ഞങ്ങളെ ആറ്റരികത്ത് നട്ട വൃക്ഷമായി നിലനിർത്തിയതിനായി സ്തോത്രം. അങ്ങനെയുള്ള വൃക്ഷം മാത്രമേ ഉഷ്ണം തട്ടുമ്പോൾ പേടിക്കാതെ ഇല പച്ചയായിത്തന്നെ ഇരിക്കുകയും , വരൾച്ചയുടെ കാലത്ത് ഫലം പുറപ്പെടുവിക്കുകയും ചെയ്യുകയുള്ളൂ. ഞങ്ങൾ പരിശുദ്ധാത്മാവാൽ നിറയ്ക്കപ്പെട്ടവരായി ശാപം മാറി, നല്ല ഫലം പുറപ്പെടുവിപ്പാൻ സഹായിക്കണേ. നന്മയുടെ നീരുറവ ഞങ്ങളിൽ നിന്നും ഒഴുകുവാൻ കൃപ ചൊരിയേണമേ. യേശുവിൻ നാമത്തിൽ തന്നെ,

ആമേൻ

---

This article is written by Santhamma Varghese.

copyright with http://biblestudy.co.in